# ഹൃദയം കൊണ്ട് ജ്ഞാനി അഥവാ സ്നേഹിയാകൂ, ലീക്കേജിനെ സമാപ്തമാക്കൂ

ഇന്ന് സ്നേഹ സാഗരനായ ബാപ്ദാദ തന്റെ സ്നേഹി കുട്ടികളുമായി മിലനത്തിനായി വന്നിരിക്കുന്നു. ഈ ആത്മീയ സ്നേഹം, പരമാത്മ സ്നേഹം നിസ്വാർത്ഥമായ സത്യമായ സ്നേഹമാണ്. സത്യമായ ഹൃദയത്തിന്റെ സ്നേഹം നിങ്ങൾ സർവ്വാത്മാക്കളെ മുഴുവൻ കല്പത്തിലും സ്നേഹിയാക്കി മാറ്റുന്നു കാരണം പരമാത്മ സ്നേഹം, ആത്മീയ സ്നേഹം, അവിനാശി സ്നേഹം, ഈ ആത്മീയ സ്നേഹം ബ്രാഹ്മണ ജീവിതത്തിന്റെ അടിത്തറയാണ്. ആത്മീയ സ്നേഹത്തിന്റെ അനുഭവമില്ലായെങ്കിൽ ബ്രാഹ്മണ ജീവിതത്തിന്റെ സത്യമായ ആനന്ദമില്ല. പരമാത്മ സ്നേഹം എങ്ങനെയുള്ള പതിത ആത്മാവിനെയും പരിവർത്തനപ്പെടുത്തുന്നതിനുള്ള കാന്തമാണ്, പരിവർത്തനപ്പെടുന്നതിനുള്ള സഹജമായ സാധനമാണ്. സ്നേഹം അധികാരിയാക്കുന്നതിന്റെ, ആത്മീയ ലഹരിയുടെ അനുഭവം ചെയ്യിക്കുന്നതിന്റെ ആധാരമാണ്. സ്നേഹമുണ്ടെങ്കിൽ രമണീകമായ ബ്രാഹ്മണ ജീവിതമുണ്ട്. സ്നേഹമില്ലായെങ്കിൽ ബ്രാഹ്മണ ജീവിതം നീരസമാണ്, പരിശ്രമമുള്ളതാണ്. പരമാത്മ സ്നേഹം ഹൃദയത്തിന്റെ സ്നേഹമാണ്. ലൗകീക സ്നേഹം ഹൃദയത്തെ മുറിക്കുന്നു കാരണം പലർക്കുമായി വിഭജിച്ച് പോകുന്നു. അനേകരുമായി സ്നേഹത്തെ നിറവേറ്റേണ്ടി വരുന്നു. ഹൃദയത്തിന്റെ അനേക ബന്ധങ്ങളിലേക്ക് പോയതിനെ അലൗകീക സ്നേഹമാണ് ഒരുമിപ്പിക്കുന്നത്. ഒരേയൊരു ബാബയെ സ്നേഹിക്കുന്നുവെങ്കിൽ സവതവേ സർവ്വരുടെയും സഹയോഗിയായി മാറുന്നു കാരണം ബാബ ബീജമാണ്. ബീജത്തിന് ജലം നല്കുന്നതിലൂടെ ഓരോ ഇലയ്ക്കും സ്വതവേ ജലം ലഭിക്കുന്നു, ഓരോ ഇലയ്ക്കായി നല്കേണ്ട ആവശ്യമില്ല. അങ്ങനെയുള്ള ആത്മീയ അച്ഛനുമായി സ്നേഹം യോജിപ്പിക്കുക അർത്ഥം സർവ്വരുടെയും സ്നേഹിയാകുക അതിനാൽ ഹൃദയം കൊണ്ട് വിഭജിച്ചു പോകുന്നില്ല. സ്നേഹം സർവ്വ കാര്യത്തെയും സഹജമാക്കുന്നു അർത്ഥം പരിശ്രമത്തിൽ നിന്നും മോചിപ്പിക്കുന്നു. സ്നേഹമുള്ളയിടത്ത് ഓർമ്മ സ്വതവേയും സഹജമായും ഉണ്ടാകുന്നു. സ്നേഹിയെ മറക്കാൻ പ്രയാസമാണ്, ഓർമ്മിക്കാൻ പ്രയാസമില്ല. ജ്ഞാനം അർത്ഥം അറിവ് എത്ര തന്നെ ബുദ്ധിയിൽ ഉണ്ടെങ്കിലും യഥാർത്ഥമായ ജ്ഞാനം അർത്ഥം സ്നേഹ സമ്പന്നമായ ജ്ഞാനം ആയിരിക്കണം. ജ്ഞാനമുണ്ട് പക്ഷെ സ്നേഹമില്ലായെങ്കിൽ അത് ഉണങ്ങിയ ജ്ഞാനം പോലെയാണ്. സ്നേഹം സർവ്വ സംബന്ധങ്ങളെയും ഹൃദയം കൊണ്ട് അനുഭവം ചെയ്യിപ്പിക്കുന്നു. ജ്ഞാനി മാത്രമായവർ ബുദ്ധി കൊണ്ട് ഓർമ്മിക്കുന്നു. സ്നേഹി ഹൃദയം കൊണ്ട് ഓർമ്മിക്കുന്നു. ബുദ്ധി കൊണ്ട് ഓർമ്മിക്കുന്നവർക്ക് ഓർമ്മയിൽ, സേവനത്തിൽ, ധാരണയിൽ പരിശ്രമിക്കേണ്ടി വരുന്നു. അവർ പരിശ്രമത്തിന്റെ ഫലമാണ് അനുഭവിക്കുന്നത്, ഇവർ സ്നേഹത്തിന്റെ ഫലവും. എവിടെയാണൊ സ്നേഹമില്ല, ബുദ്ധി കൊണ്ടുള്ള ജ്ഞാനമുള്ളത്, അവിടെ ജ്ഞാനത്തിന്റെ കാര്യങ്ങളിലും എന്ത് കൊണ്ട്, എന്ത്, എങ്ങനെ......ബുദ്ധി യുദ്ധം ചെയ്യാൻ തുടങ്ങും, സ്വയത്തോട് സദാ യുദ്ധത്തിലായിരിക്കും. വ്യർത്ഥ സങ്കല്പങ്ങൾ കൂടുതൽ ഉണ്ടാകും. എന്ത്, എന്തു കൊണ്ട് എന്നുള്ളയിടത്ത് എന്ത് കൊണ്ട് എന്നതിന്റെ ക്യൂ ഉണ്ടാകും. സ്നേഹമുള്ളയിടത്ത് യുദ്ധമില്ല എന്നാൽ ലവ്‌ലീനാണ്, സ്നേഹത്തിൽ മുഴുകിയിരിക്കുന്നു. ആരോടാണൊ ഹൃദയത്തിന്റെ സ്നേഹമുള്ളത് അവിടെ സ്നേഹത്തിന്റെ കാര്യങ്ങളിൽ എന്ത്, എന്തുകൊണ്ട്......വരുന്നില്ല. ശലഭം പ്രകാശത്തിന്റെ സ്നേഹത്തിൽ എന്ത്, എന്തുകൊണ്ട് എന്ന് ചോദിക്കുന്നില്ല, അർപ്പണമാകുന്നു. അതേപോലെ പരമാത്മ സ്നേഹി ആത്മാക്കൾ സ്നേഹത്തിൽ മുഴുകിയിരിക്കുന്നു.

ചില കുട്ടികൾ ബാബയോട് ആത്മീയ സംഭാഷണം ചെയ്യുന്നു, പരാതി പറയുന്നു- ജ്ഞാനം ബുദ്ധിയിലുണ്ട്, ബ്രാഹ്മണനുമായി, ആത്മാവിനെയും മനസ്സിലാക്കി, ബാബയെയും പൂർണ്ണ പരിചയത്തോടെ മനസ്സിലാക്കി, സംബന്ധങ്ങളെ കുറിച്ചുമറിയാം, ചക്രത്തെ കുറിച്ചുമുള്ള ജ്ഞാനമുണ്ട്, രചയിതാവ് രചനയെ കുറിച്ചുമുള്ള മുഴുവൻ ജ്ഞാനമുണ്ട്- എന്നാലും ഓർമ്മ സഹജമായി എന്ത് കൊണ്ട് ഉണ്ടാകുന്നില്ല? ആനന്ദം, ശാന്തി, ശക്തിയുടെ അനുഭവം എന്ത് കൊണ്ട് ഉണ്ടാകുന്നില്ല? എന്തു കൊണ്ട് നിരന്തരം ഓർമ്മ വരുന്നില്ല, പരിശ്രമത്തോടെ ഓർമ്മിക്കേണ്ടി വരുന്നു? അടിക്കടി ഓർമ്മ ഇല്ലാതാകുന്നതെന്ത് കൊണ്ട്? ഇതിന്റെ കാരണമാണ് ജ്ഞാനം ബുദ്ധിയിൽ വരെയുണ്ട് അതോടൊപ്പം ഹൃദയത്തിന്റെ സ്നേഹം കുറവാണ്. ബുദ്ധി കൊണ്ടുള്ള സ്നേഹമുണ്ട്. ഞാൻ കുട്ടിയാണ്, ബാബ അച്ഛനാണ്, വിദാതാവാണ്- ബുദ്ധി കൊണ്ട് ജ്ഞാനിയാണ്. എന്നാൽ ഇതേ ജ്ഞാനം ഹൃദയത്തിൽ നിന്നാകണം, സ്നേഹത്തിന്റെ ലക്ഷണമായി എന്താണ് കാണിക്കുന്നത്? ഹൃദയം. അപ്പോൾ ജ്ഞാനവും സ്നേഹവും കംബയിന്റാണ്. ജ്ഞാനം ബീജമാണ് എന്നാൽ ജലം സ്നേഹമാണ്. ബീജത്തിന് ജലം ലഭിക്കുന്നില്ലായെങ്കിൽ അത് ഫലം നല്കില്ല. അതേപോലെ ജ്ഞാന

മുണ്ട് എന്നാൽ ഹൃദയത്തിൽ നിന്നുള്ള സ്നേഹമില്ലായെങ്കിൽ പ്രാപ്തിയുടെ ഫലം ലഭിക്കില്ല അതിനാൽ പരിശ്രമം അനുഭവപ്പെടുന്നു. സ്നേഹം അർത്ഥം സർവ്വ പ്രാപ്തിയുടെ, സർവ്വ അനുഭവത്തിന്റെ സാഗരത്തിൽ മുഴുകിയിരിക്കുക. ലൗകീക ലോകത്തിലും നോക്കൂ സ്നേഹത്തിന്റെ ചെറിയൊരു സമ്മാനം പോലും എത്രയോ പ്രാപ്തിയുടെ അനുഭവം ചെയ്യിക്കുന്നു. സ്വാർത്ഥത നിറഞ്ഞ സംബന്ധത്തിലൂടെ കൊടുക്കൽ വാങ്ങൽ ചെയ്താൽ കോടികൾ ലഭിച്ചാലും സന്തുഷ്ടതയുണ്ടാകില്ല, എന്തെങ്കിലും കുറവുകൾ കണ്ടുപിടിച്ചു കൊണ്ടിരിക്കും- ഇന്നത് ഉണ്ടാകണമായിരുന്നു, ഇങ്ങനെ ചെയ്യണമായിരുന്നു. ഇന്നത്തെ കാലത്ത് എത്ര ചിലവഴിക്കുന്നു, എത്ര ഷോ ചെയ്യുന്നു. എന്നാലും സ്നേഹം സമീപത്തേക്ക് കൊണ്ടു വരുന്നോ അതോ ദൂരെയാക്കുന്നോ? കോടികളുടെ കൊടുക്കൽ വാങ്ങലാണെങ്കിലും അത്രയും സുഖത്തിന്റെ അനുഭവം ചെയ്യിക്കുന്നില്ല എന്നാൽ ഹൃദയത്തിന്റെ സ്നേഹത്തിന്റെ ഒരു ചെറിയ വസ്തു പോലും എത്രയോ സുഖത്തിന്റെ അനുഭവം ചെയ്യിക്കുന്നു. കാരണം ഹൃദയത്തിന്റെ സ്നേഹം കർമ്മകണക്കിനെ സമാപ്തമാക്കുന്നു. സ്നേഹം അങ്ങനെയുള്ള വിശേഷ അനുഭവമാണ്. അതിനാൽ സ്വയം സ്വയത്തോട് ചോദിക്കൂ -ജ്ഞാനത്തിനോടൊപ്പം ഹൃദയത്തിൽ നിന്നുള്ള സ്നേഹമുണ്ടോ? ഹൃദയത്തിൽ ലിക്കേജില്ലല്ലോ?(ചോർച്ച) ലീക്കേജുണ്ടെങ്കിൽ എന്ത് സംഭവിക്കുന്നു? ഒരേയൊരു ബാബയല്ലാതെ, സങ്കല്പത്തിലൂടെയെങ്കിലും മറ്റൊരാളോട് സ്നേഹമുണ്ടെങ്കിൽ, വ്യക്തിയാകട്ടെ, വൈഭവമാകട്ടെ, വ്യക്തിയുടെ ശരീരത്തിനോടുള്ള സ്നേഹമാകട്ടെ, അവരുടെ വിശേഷതയോടാകട്ടെ, പരിധിയുള്ള പ്രാപ്തിയുടെ ആധാരത്തിലാകട്ടെ എന്നാൽ വിശേഷത നല്കുന്നതാര്, പ്രാപ്തി ചെയ്യിക്കുന്നതാര്? ഏതെങ്കിലും പ്രകാരത്തിലുള്ള സ്നേഹം അർത്ഥം ആകർഷണം സങ്കല്പത്തിലെങ്കിലും ഉണ്ടെങ്കിൽ, വാക്കിലോ കർമ്മത്തിലോ ഉണ്ടെങ്കിൽ ഇതിനെ ലീക്കേജ് എന്ന് പറയുന്നു. ചില കുട്ടികൾ വളരെ നിഷ്കളങ്കമായി പറയുന്നു- ആകർഷണമില്ല പക്ഷെ നല്ലതാണ്, ആഗ്രഹിക്കുന്നില്ല എന്നാൽ ഓർമ്മ വരുന്നു. ആകർഷണത്തിന്റെ ലക്ഷണമാണ്- സങ്കല്പം, വാക്ക്, കർമ്മത്തിലൂടെ ആകർഷണം അതിനാൽ ലീക്കേജുള്ളതിനാൽ ശക്തി വർദ്ധിക്കുന്നില്ല. ശക്തിശാലിയല്ലാത്തത് കാരണം ബാബയെ ഓർമ്മിക്കുന്നതിൽ പരിശ്രമം അനുഭവപ്പെടുന്നു. പരിശ്രമമുള്ളതിനാൽ സന്തുഷ്ടതയുണ്ടാകുന്നില്ല. സന്തുഷ്ടതയില്ലാത്തയിടത്ത് ഇപ്പോളിപ്പോൾ ഓർമ്മയുടെ അനുഭവത്തിൽ മുഴുകിയിരിക്കും, ഇപ്പോളിപ്പോൾ വീണ്ടും നിരാശരാകും കാരണം ലീക്കേജുള്ളത് കാരണം കുറച്ച് സമയം ശക്തി നിറയുന്നു, സദാ ഇല്ല അതിനാൽ സഹജമായി നിരന്തരയോഗിയാകാൻ സാധിക്കുന്നില്ല. അതു കൊണ്ട് ചെക്ക് ചെയ്യൂ- ഒരു വ്യക്തിയിലോ വൈഭവത്തിലോ ആകർഷണമില്ലല്ലോ അർത്ഥം ലീക്കേജില്ലല്ലോ? ഈ ലീക്കേജ് സ്നേഹത്തിൽ മുഴുകിയിരിക്കുന്ന സ്ഥിതിയുടെ അനുഭവം ചെയ്യിക്കില്ല. വൈഭവങ്ങളെ പ്രയോഗിച്ചോളൂ എന്നാൽ യോഗിയായി പ്രയോഗിക്കൂ. വിശ്രമത്തിനുള്ള സാധനങ്ങൾ നിങ്ങളുടെ മനസ്സിന്റെ സ്ഥിതിയെ ചഞ്ചലമാക്കരുത് കാരണം പല കുട്ടികൾക്ക് വൈഭവങ്ങൾക്ക് വശപ്പെട്ടിട്ടും മനസ്സിന്റെ ആകർഷണമാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. റോയൽ ഭാഷയിൽ പറയുന്നു- ഹഠയോഗിയല്ല, സഹജയോഗിയാണ് എന്ന്. സഹജയോഗിയാകുന്നത് നല്ലതാണ് പക്ഷെ യോഗിയാണോ? ബാബയുടെ ഓർമ്മയെ ചഞ്ചലതയിൽ കോണ്ടു വരുന്നു അർത്ഥം തന്റെ നേർക്ക് ആകർഷിക്കുന്നുവെങ്കിൽ യോഗിയായി പ്രയോഗിക്കുന്നവർ എന്ന് പറയില്ല കാരണം ബാബയുടേതായത് കാരണം സമയത്തിനനുസരിച്ച് പ്രകൃതി ദാസി അർത്ഥം വൈഭവങ്ങളുടെ സാധനങ്ങളുടെ പ്രാപ്തി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ 18-19 വർഷത്തിനുള്ളിൽ എത്ര പ്രാപ്തിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സർവ്വ വിശ്രമത്തിനായുള്ള സാധനങ്ങളും വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

എന്നാൽ ഈ പ്രാപ്തികൾ ബാബയുടേതായതിന്റെ ഫലമായിട്ടാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. അതിനാൽ ഫലം ഭക്ഷിക്കുമ്പോൾ ബീജത്തെ മറക്കരുത്. കുറച്ച് സമയം ഈ സാധനങ്ങൾ വർദ്ധിക്കും. എന്നാൽ വിശ്രമത്തിൽപ്പെട്ട് ബാബയെ മറക്കരുത്. സത്യമായ സീതയാകണം. സങ്കല്പമാകുന്ന വിരൽ പോലും മര്യാദയുടെ രേഖയ്ക്ക് പുറത്ത് പോകരുത്. കാരണം ഈ സാധനം സാധന(തപസ്സ്)യില്ലാതെ ഉപയോഗിക്കുകയാണെങ്കിൽ സ്വർണ്ണ മാനായി പ്രവർത്തിക്കും അതിനാൽ വ്യക്തി, വൈഭവങ്ങളുടെ ആകർഷണം, പ്രഭാവത്തിൽ നിന്നും സദാ സ്വയത്തെ സുരക്ഷിതമാക്കി വയ്ക്കണം, ഇല്ലായെങ്കിൽ ബാബയുടെ സ്നേഹിയാകുന്നതിന് പകരം, സഹജയോഗിയാകുന്നതിന് പകരം ഇട്യ്ക്ക് സഹയോഗി, ഇടയ്ക്ക് വിയോഗി- രണ്ടിന്റെയും അനുഭവം ചെയ്തു കൊണ്ടിരിക്കും. ഇടയ്ക്ക് ഓർമ്മ, ഇട്യ്ക്ക് പരാതി- ഇങ്ങനെയുള്ള അനുഭവത്തിലിരിക്കും, പരാതിയും പൂർണ്ണമായും ഇല്ലാതാകില്ല.

വ്യക്തിയുടെയും വൈഭവങ്ങളുടെയും പ്രഭാവത്തിന്റെ ലക്ഷണമാണ്- ഇട്യ്ക്ക് സഹജയോഗി, ഇട്യ്ക്ക് യോഗി, ഇടയ്ക്ക് പരാതി പറയുന്നവർ. രണ്ടാമത്തെ കാര്യം- ഇങ്ങനെയുള്ള ആത്മാവിന് സർവ്വതും പ്രാപ്തമാകും-സാധനം, സഹയോഗം, സ്നേഹം എന്നാൽ ലീക്കേജുള്ള ആത്മാവിന് പ്രാപ്തിയുണ്ടായിട്ടും ഒരിക്കലും സന്തുഷ്ടതയുണ്ടാകില്ല. അവരുടെ മുഖത്തിലൂടെ ഏതെങ്കിലും പ്രകാരത്തിലുള്ള അസ

ന്തുഷ്ടതയുടെ വാക്ക് ആഗ്രഹിച്ചില്ലെങ്കിലും വന്നു കൊണ്ടിരിക്കും. ഇവർക്ക് വളരെയധികം ലഭിക്കുന്നു ണ്ട്, ഇവരെ പോലെ മറ്റാരുമില്ല എന്ന് മറ്റുള്ളവർ അനുഭവം ചെയ്യും. പക്ഷെ അവർ ആത്മാവ് സദാ തന്റെ അപ്രാപ്തിയുടെ, ദുഃഖത്തിന്റെ വർണ്ണനം ചെയ്തു കൊണ്ടിരിക്കും. മനുഷ്യർ  പറയും– ഇവരെ പോലെ സുഖിയായി മറ്റാരും തന്നെയില്ല എന്ന്, അവർ പറയും– എന്നെ പോലെ ദുഃഖി മറ്റാരുമില്ല എന്ന്, കാരണം ഗ്യാസിന്റെ ബലൂണാണ് ഗ്യാസ് നിറയുമ്പോൾ ഉയരത്തിലേക്ക് പറക്കുന്നു, തീരുമ്പോൾ താഴേക്ക് വീഴു ന്നു. പറക്കുന്നത് കാണുമ്പോൾ എത്ര സൗന്ദര്യമാണ് എന്നാൽ അല്പക്കാലത്തേക്കാണ്. ഒരിക്കലും തന്റെ ഭാഗ്യത്തിൽ സന്തുഷ്ടരായിരിക്കില്ല. സദാ മറ്റാരെയെങ്കിലും തന്റെ ഭാഗ്യത്തിന്റെ, അപ്രാപ്തിയുടെ നിമി ത്തമാക്കി കൊണ്ടിരിക്കും– ഇവർ ഇങ്ങനെ ചെയ്യുന്നു, അവർ ഇങ്ങനെ ചെയ്യുന്നു, അതിനാൽ എനിക്ക് ഭാഗ്യമില്ല എന്ന്. ഭാഗ്യവിദാതാവ് ഭാഗ്യം നല്കുന്നവനാണ്. ഭാഗ്യവിദാതാവ് എവിടെയാണൊ ഭാഗ്യം നല്കി കൊണ്ടിരിക്കുന്നത്, ആ പരമാത്മ ശക്തിയുടെ മുന്നിൽ ആത്മാവിന്റെ ശക്തിക്ക് ഭാഗ്യത്തെ കുലുക്കാൻ സാധിക്കില്ല. ഇതെല്ലാം ഒഴിവ് കഴിവുകളാണ്. പറക്കുന്ന കലയുടെ കളിയറിയില്ലായെങ്കിൽ ഒഴിവ് കഴിവ് വള രെയധികം പറയുന്നു. ഇതിൽ സർവ്വരും സമർത്ഥരാണ് അതിനാൽ ഇത് ചെക്ക് ചെയ്യൂ– സ്നേഹത്തോടെ യുള്ള ആകർഷണമാകട്ടെ, കർമ്മ കണക്ക് സമാപ്തമാകുന്നത് കാരണമുള്ള ആകർഷണമാകട്ടെ.

ആരോടാണൊ അസൂയ അല്ലെങ്കിൽ വെറുപ്പുള്ളത് അവിടെയും ആകർഷണം ഉണ്ടാകുന്നു അടിക്കടി അവരുടെ തന്നെ ഓർമ്മ വന്നു കൊണ്ടിരിക്കും. യോഗം ചെയ്യാനിരിക്കും, ഓർമ്മ വരുന്നത് വെറുപ്പ് അഥവാ അസൂയയുള്ളവരെയായിരിക്കും. ഞാൻ സ്വദർശന ചക്രധാരിയാണെന്ന് ചിന്തിക്കും, നടക്കു ന്നത് പരദർശന ചക്രമായിരിക്കും. രണ്ട് ഭാഗത്തുമുള്ള ആകർഷണം താഴേക്ക് കൊണ്ടു വരുന്നു അതി നാൽ രണ്ടും ചെക്ക് ചെയ്യൂ– പിന്നീട് ബാബയുടെ മുന്നിൽ പറയുന്നു– ഞാൻ വളരെ നല്ലവനാണ്, കേവലം ഈ ഒരു കാര്യമേയുള്ളൂ, ഇതിനെ ബാബ ഇല്ലാതാക്കൂ. ബാബ പുഞ്ചിരിക്കുന്നു– കണക്കുണ്ടാക്കിയത് നിങ്ങൾ , തീർക്കേണ്ടത് ബാബയും. എന്നെക്കൊണ്ട് സമാപ്തമാക്കിക്കണം എന്നു പറയുന്നത് ശരിയാണ് എന്നാൽ ബാബ സമാപ്തമാക്കണം എന്നത് ശരിയല്ല. ഉണ്ടാക്കുന്ന സമയത്ത് ബാബയെ മറന്നു, സമാപ്ത മാക്കേണ്ട സമയത്ത് ബാബാ ബാബാ എന്ന് പറയുന്നു. ചെയ്യുന്നവനും ചെയ്യിക്കുന്നവനും ചെയ്യിക്കുന്ന തിന് ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നാൽ ചെയ്യേണ്ടത് നിങ്ങളാണ്. അപ്പോൾ കേട്ടോ, കുട്ടികളുടെ എന്തെല്ലാം കാര്യങ്ങളാണ് ബാപ്ദാദ കാണുന്നത്? സാരമെന്തായി? കേവലം ഉണക്ക ജ്ഞാനിയാകരുത്, ബുദ്ധി കൊണ്ടുള്ള ജ്ഞാനിയാകരുത്. ഹൃദയത്തിന്റെ ജ്ഞാനി, സ്നേഹിയാകൂ, ലീക്കേജിനെ ചെക്ക് ചെയ്യൂ. മന സ്സിലായോ?

18 ജനുവരി വന്നു കൊണ്ടിരിക്കുകയല്ലേ – 18 ജനുവരി ദിനത്തെ സമർത്ഥ ദിനമായി ആഘോഷിക്കുന്ന തിന്  ആദ്യമേ തന്നെ ഓർമ്മിപ്പിക്കുകയാണ്. മനസ്സിലായോ? കേവലം ജീവിത ചരിത്രം മാത്രം കേൾപ്പിച്ചി ട്ടല്ല ആഘോഷിക്കേണ്ടത്, സമാനമായ ജീവിതമാക്കുന്നതിന് ആഘോഷിക്കണം. ശരി.

സദാ വ്യക്തി, വൈഭവങ്ങളുടെ ആകർഷണങ്ങളിൽ നിന്ന് വേറിട്ട്, ബാബയുടെ സ്നേഹത്തിൽ ലയിക്കു ന്ന, സദാ യഥാർത്ഥമായ ജ്ഞാനം, ഹൃദയത്തിന്റെ സ്നേഹം– രണ്ടിലും കംബയിന്റ് സ്ഥിതിയുടെ അനു ഭവം ചെയ്യുന്ന, സദാ യോഗിയായി സാധനയുടെ സ്ഥിതിയിലൂടെ സാധനങ്ങളെ കാര്യത്തിൽ ഉപയോഗി ക്കുന്ന, സദാ സ്നേഹി, ഹൃദയത്തിൽ ലയിച്ചിരിക്കുന്ന കുട്ടികൾക്ക് ദിലാരാമനായ ബാബയുടെ സ്നേഹ സ്മരണയും നമസ്തേ.

പാർട്ടികളുമായുള്ള അവ്യക്ത ബാപ്ദാദായുടെ മിലനം– സ്വയത്തെ ഡബിൾ ഹീറോയെന്ന് മനസ്സിലാ ക്കുന്നുണ്ടോ? വജ്ര സമാനമായ ജീവിതമായി. വജ്ര സമാനമായി, സൃഷ്ടി നാടകത്തിൽ ആദി മുതൽ അന്ത്യം വരെ ഹീറോ പാർട്ടഭിനിക്കുന്നവരാണ്. അപ്പോൾ ഡബിൾ ഹീറോ ആയില്ലേ. പരിധിയുള്ള ഡ്രാമ യിൽ പാർട്ടഭിനയിക്കുന്നവരെ ഹീറോ ആക്ടർ എന്നു പറയുന്നു എന്നാൽ ഡബിൾ ഹീറോ ആരും തന്നെ യില്ല. നിങ്ങൾ ഡബിൾ ഹീറോയാണ്. ബാബയോടൊപ്പം പാർട്ടഭിനയിക്കുക എന്നത് എത്ര വലിയ ഭാഗ്യ മാണ്. അതിനാൽ സദാ ഈ ശ്രേഷ്ഠമായ ഭാഗ്യത്തെ സദാ സ്മൃതിയിൽ വച്ച് മുന്നോട്ട് പൊയ്ക്കൊണ്ടി രിക്കുകയല്ലേ. നിന്നു പോകുന്നവരല്ലല്ലോ? ക്ഷീണിക്കാത്തവർ നിന്നും പോകില്ല, മുന്നോട്ട് പൊയ്ക്കൊ ണ്ടിരിക്കും. അപ്പോൾ നിങ്ങൾ നിന്നു പോകുന്നവരാണോ അതോ ക്ഷീണിക്കുന്നവരാണോ? ഒറ്റയ്ക്കാകു മ്പോഴാണ് ക്ഷീണിക്കുന്നത്. ബോറടിക്കുമ്പോൾ ക്ഷീണിക്കുന്നു. എന്നാൽ ബാബ കൂടെയുള്ളയിടത്ത് സദാ ഉണർവ്വും ഉത്സാഹവും ഉണ്ടായിരിക്കും. ഏതെങ്കിലും യാത്രയ്ക്ക് പോകുമ്പോൾ എന്താണ് ചെയ്യു ന്നത്? സംഘടനയുണ്ടാക്കുന്നില്ലേ. എന്തിന് ഉണ്ടാക്കുന്നു? സംഘടനയിലൂടെ, ഉണർവ്വും ഉത്സാഹത്തോടെ മുന്നോട്ടു പോകുന്നു. അപ്പോൾ നിങ്ങൾ എല്ലാവരും ആത്മീയ യാത്രയിൽ സദാ മുന്നോട്ടുയർന്നു കൊണ്ടേ

യിരിക്കണം കാരണം ബാബയുടെ കൂട്ട്കെട്ട്, ബ്രാഹ്മണ പരിവാരത്തിന്റെ കൂട്ട്കെട്ട് എത്ര ശ്രേഷ്ഠമായ കൂട്ട്കെട്ടാണ്. നല്ല കൂട്ട്കെട്ടുള്ളപ്പോൾ ഒരിക്കലും ബോറടിക്കില്ല, ക്ഷീണിക്കില്ല. സദാ മുന്നോട്ടുയരുന്ന വർ സദാ ഹർഷിതരായിരിക്കുന്നു, സദാ സന്തോഷത്തിൽ നൃത്തം ചെയ്യുന്നു. അതിനാൽ അഭിവൃദ്ധി പ്രാപ്തമാക്കി കൊണ്ടിരിക്കുകയല്ലേ. അഭിവൃദ്ധി പ്രാപ്തമാകുക തന്നെ വേണം കാരണം എവിടെ ഏതൊക്കെ കോണുകളിലാണോ കാണാതെ പോയ കുട്ടികളുള്ളത്, അവിടെ ആ ആത്മാക്കൾ സമീപത്ത് വരിക തന്നെ വേണം അതിനാൽ സേവനത്തിലും അഭിവൃദ്ധിയുണ്ടായിക്കൊണ്ടിരിക്കുന്നു. എത്ര തന്നെ ശാന്തമായിട്ടിരിക്കാൻ ആഗ്രഹിച്ചാലും ഇരിക്കാനാകില്ല. സേവനം ഇരിക്കാൻ അനുവദിക്കില്ല, മുന്നോട്ടു യർത്തും കാരണം ബാബയുടേതായിരുന്ന ആത്മാക്കൾ വീണ്ടും ബാബയുടേതാകുക തന്നെ വേണം. ശരി.

മുഖ്യമായ സഹോദരങ്ങളോട് അവ്യക്ത ബാപ്ദാദായുടെ മിലനം– പാണ്ഡവർ ചിന്തിക്കുന്നുണ്ട്– ശക്തി കൾക്ക് നല്ല ചാൻസ് ലഭിക്കുന്നു, ദാദിമാരാകുന്നതാണ് നല്ലത്... എന്നാൽ പാണ്ഡവർക്ക് പ്ലാനിംഗ് ബുദ്ധി യില്ലായെങ്കിൽ ശക്തികൾ എന്ത് ചെയ്യും! അന്തിമ ജന്മത്തിലും പാണ്ഡവരാകുക എന്നത് ചെറിയൊരു ഭാഗ്യമല്ല! കാരണം പാണ്ഡവരുടെ വിശേഷത ബ്രഹ്മാബാബയോടൊപ്പം തന്നെയാണ്. അപ്പോൾ പാണ്ഡ വർ കുറവൊന്നുമല്ല. പാണ്ഡവരില്ലാതെ ശക്തികളില്ല, ശക്തികളില്ലാതെ പാണ്ഡവരുമില്ല. ചതുർഭുജ ത്തിലെ രണ്ട് ഭുജങ്ങൾ അതാണ്, രണ്ട് ഇതാണ് അതിനാൽ പാണ്ഡവരുടെ വിശേഷത വ്യത്യസ്ഥമാണ്. നിമിത്തമായ സേവനം ലഭിച്ചിരിക്കുന്നത് ദാദിമാർക്കാണ്, അതിനാൽ അവർ അത് ചെയ്യുന്നു. ബാക്കി സദാ പാണ്ഡവരോട് ശക്തികൾക്കും, ശക്തികളോട് പാണ്ഡവർക്കും സ്നേഹമുണ്ട്, ബഹുമാനമുണ്ട്, സദാ ഉണ്ടായിരിക്കും. ശക്തികൾ പാണ്ഡവരെ മുന്നിൽ വയ്ക്കുന്നു– ഇതിൽ തന്നെയാണ് സഫലത, പാണ്ഡവർ ശക്തികളെ മുന്നിൽ വയ്ക്കുന്നു– ഇതിലാണ് സഫലത. ആദ്യം താങ്കൾ– എന്ന പാഠം രണ്ട് പേർക്കും പക്കായാണ്. ആദ്യം താങ്കൾ, ആദ്യം താങ്കൾ എന്ന് പറഞ്ഞ് സ്വയം മുന്നിലേക്ക് വരുന്നു. ബാബ നടുവിലുണ്ടെങ്കിൽ വഴക്കേയില്ല. പാണ്ഡവർക്ക് ബുദ്ധിയുടെ വരദാനം നല്ലതായി ലഭിച്ചിട്ടുണ്ട്. ഏത് കാര്യത്തിനാണൊ നിമിത്തമായിരിക്കുന്നത് അവർക്ക് അതേ വിശേഷതയാണ് ലഭിച്ചിരിക്കുന്നത്. ഓരോരു ത്തരുടെയും വിശേഷത ഒന്ന് ഒന്നിനേക്കാൾ മുന്നിലാണ് അതിനാൽ നിങ്ങൾ നിമിത്തമായ ആത്മാക്കളാ ണ്.. ശരി.

**വരദാനം– സങ്കല്പം, വൃത്തി, സ്മൃതിയിലൂടെ വ്യർത്ഥത്തെ സമാപ്തമാക്കുന്ന സത്യ മായ ബ്രാഹ്മണർ സമ്പൂർണ്ണ പവിത്രമായി ഭവിക്കട്ടെ.**

തന്റെ സങ്കല്പം, വൃത്തി, സ്മൃതിയെ ചെക്ക് ചെയ്യൂ– തെറ്റുണ്ടായി, പശ്ചാത്തപ്പിച്ചു, മാപ്പ് ചോദിച്ചു, കഴി ഞ്ഞു... അങ്ങനെയാകരുത്. ആര് എത്ര തന്നെ മാപ്പ് ചോദിച്ചാലും പാപം അഥവാ വ്യർത്ഥ കർമ്മം ഉണ്ടാ യതിന്റെ അടയാളം ഇല്ലാതാകുന്നില്ല. റജിസ്റ്റർ സ്വച്ഛവും ശുദ്ധവുമാകുന്നില്ല. കേവലം ഈ രീതി സമ്പ്രദാ യത്തെ സ്വീകരിക്കാതിരിക്കൂ, എന്നാൽ സ്മൃതിയുണ്ടായിരിക്കണം– ഞാൻ സമ്പൂർണ്ണ പവിത്ര ബ്രാഹ്മണ നാണ്– അപവിത്രത– സങ്കലപം, വൃത്തി അഥവാ സ്മൃതിയെ സ്പർശിക്കാൻ പോലും സാധിക്കില്ല, ഇതിന് വേണ്ടി ഓരോ ചുവടിലും ശ്രദ്ധ വയ്ക്കൂ.

**സ്ലോഗൻ– ബാബയുടെ കൂട്ടുകെട്ടിനെ ഉപയോഗിക്കൂ എങ്കിൽ ഒരിക്കലും നിരാശരാകില്ല.**